**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 191** **04-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജനറൽ ആശുപത്രിക്ക് ഡെന്റൽ എക്സ്റേ മെഷീൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജനറൽ ആശുപത്രിക്ക് ഡെന്റൽ എക്സ്റേ മെഷീൻ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിലെ 2017-18- ലെ പ്ലാൻ സ്കീം (ഗവൺമെന്റ് ഉത്തരവ് - GO(Rt) No.1963/17/H&FWD dated 13.07.2017) പ്രകാരം കാസർഗോഡ് ജനറൽ ആശുപത്രിക്ക് ഒരു ഡെന്റൽ എക്സ് റേ മെഷീൻ അനുവദിക്കുകയും കെ.എം.എസ്.സി.എൽ 05.11.2018 ന് ഉപകരണം ആശുപത്രിയിൽ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ടി ഉപകരണത്തിന്റെ വില 3,80,800/- രൂപയാണ്. |
| (ബി) | ഉണ്ടെങ്കിൽ എപ്പോഴാണ് അനുവദിച്ചതെന്നും ഇതിന്റെ വിലയെന്തെന്നും വ്യക്തമാക്കാമോ; | (ബി) | ആരോഗ്യ വകുപ്പിലെ 2017-18- ലെ പ്ലാൻ സ്കീം (ഗവൺമെന്റ് ഉത്തരവ് - GO(Rt) No.1963/17/H&FWD dated 13.07.2017) പ്രകാരം കാസർഗോഡ് ജനറൽ ആശുപത്രിക്ക് ഒരു ഡെന്റൽ എക്സ് റേ മെഷീൻ അനുവദിക്കുകയും കെ.എം.എസ്.സി.എൽ 05.11.2018 ന് ഉപകരണം ആശുപത്രിയിൽ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ടി ഉപകരണത്തിന്റെ വില 3,80,800/- രൂപയാണ്. |
| (സി) | ഈ എക്സ്റേ മെഷീൻ ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) | ഉപകരണം സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥല സൗകര്യവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഡെന്റൽ എക്സ്റേ മെഷീൻ പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. |
| (ഡി) | ഡെന്റൽ എക്സ്റേ യൂണിറ്റ് പ്രവർത്തിക്കാത്തത് കാരണം ജനറൽ ആശുപത്രിയിൽ എത്തുന്ന എക്സ്റേ ആവശ്യമുള്ള രോഗികൾക്ക് സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥ വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉപകരണം സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥല സൗകര്യവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഡെന്റൽ എക്സ്റേ മെഷീൻ പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. |
| (ഇ) | കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഉള്ള ചികിത്സാ സംവിധാനങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്നവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഇ) | കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഉള്ള ചികിത്സാ സംവിധാനങ്ങളിൽ ഡെന്റൽ എക്സ്റേ മെഷീൻ ഒഴികെ മറ്റെല്ലാവയും ഉപയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ